27. ശ്രീ. കെ. പങ്കജാക്ഷൻ
28. ,, ടി. പി. പീതാംബരൻ മാസ്റ്റർ
29. ,, കെ. പി. പ്രഭാകരൻ
30. ,, കെ. പുരുഷോത്തമൻ
31. ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി
32. ശ്രീ. വർക്കല രാധാകൃഷ്ണൻ
33. ,, എം. വി. രാഘവൻ
34. ,, വി. കെ. രാജൻ
35. ,, കാനം രാജേന്ദ്രൻ
36. ,, എ. കെ. ശശീന്ദ്രൻ
37. ,, എ. സി. ഷൺമുഖദാസ്
38. ,, കെ. വി. സുരേന്ദ്രനാഥ്*
39. ,, എ. വി. താമരാക്ഷൻ
40. ,, സി. കെ. തങ്കപ്പൻ
41. ,, വി. ജെ. തങ്കപ്പൻ
42. ,, എസ്. ആർ. തങ്കരാജ്
43. ,, ആർ. എസ്. ഉണ്ണി
44. ,, ജി. വരദൻ
45. ,, പി. വിജയദാസ്

നിഷ്പക്ഷർ—ഇല്ല

അനുകൂലിക്കുന്നവർ—63

പ്രതികൂലിക്കുന്നവർ—45

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

1986-ലെ ഗാന്ധിജി സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു. ബിൽ സഭ പാസ്സാക്കി.

ശ്രീ. കെ. ചന്ദ്രശേഖരൻ:

* * *

മി. സ്പീക്കർ: ഞാൻ ഇത് അനുവദിക്കുകയില്ല. ശ്രീ. ചന്ദ്രശേഖരൻ കേരള സിവിൽ കോടതി ബില്ലിനെക്കുറിച്ച് എന്തോ പറയാനാണെന്നാണ് ചെയർ കരുതിയത്. അനവസരത്തിലുള്ള അങ്ങയുടെ പ്രയോഗം രേഖയിലുണ്ടായിരിക്കുകയില്ല.

(ശ്രീ. കെ. ചന്ദ്രശേഖരന്റെ പരാമർശം രേഖയിൽനിന്ന് നീക്കം ചെയ്തതിനെത്തുടർന്ന് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ ഡയസ്സിനു മുമ്പിൽ വന്നുനിന്ന് മുദ്രാവാക്യം മുഴക്കിക്കൊണ്ടിരുന്നു).

(5) 1986-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1986-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ പരിഗണനക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു..... (ബഹളം).....

* സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽ നിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ഒരു വിശദീകരണത്തിന്റെ ആവശ്യമില്ല. സബ്ജക്റ്റ് കമ്മിറ്റി യുനാനിമസ്സായിട്ട് ശുപാർശ ചെയ്തതാണ്. അതുകൊണ്ട് കൂടുതലായി വിശദീകരിക്കേണ്ടതില്ല. ഇത് പരിഗണനയ്ക്ക് എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

.....(ബഹളം).....

ശ്രീ. ബെന്നി ബഹനാൻ: "The Kerala Civil Courts (Amendment) Bill, 1986 as reported by the Subject Committee be recommitted to the same Subject Committee" എന്ന എന്റെ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു. മുനിസിഫ് കോടതിയുടെ ജൂറിസ്ഡിക്ഷൻ 5000-ത്തിൽ നിന്നും 15,000 രൂപയാക്കുന്ന ഒരു ചെറിയ ഭേദഗതിയാണ് ഈ നിയമത്തിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊണ്ടുവന്നിരിക്കുന്നത്. ഇത് സാധാരണക്കാരന് വളരെയേറെ പ്രയോജനം ലഭിക്കുന്ന ഒരു ഭേദഗതിയാണ്. ഇങ്ങനെയൊരു ബിൽ ഇവിടെ പരിഗണനയ്ക്ക് എടുക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തും നമ്മുടെ രാജ്യത്തും കോടതിയുടെ പരാമർശത്തെക്കുറിച്ചും കോടതിയുടെ റോളിനെക്കുറിച്ചുമൊക്കെ വളരെ വിശദമായി നമ്മുടെ സമൂഹത്തിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്.....(ബഹളം).....അങ്ങനെയുള്ള ഒരു കാലഘട്ടമാണിത്. ഞാൻ വളരെ വിശദമായി ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. സർ, നമ്മുടെ ഭരണഘടന ഉണ്ടാക്കിയവരും, നമ്മുടെ രാഷ്ട്ര ശില്പിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും ജുഡീഷ്യറി, ലെജിസ്ലേറ്റീവ്, എക്സിക്യൂട്ടീവ് എന്ന് മൂന്ന് പരമോന്നത സമിതികളാണ് ഉണ്ടാക്കിയിരിക്കുന്നത്. അതിൽ അങ്ങോട്ടുമിങ്ങോട്ടും കൈ കടത്തരുതെന്ന അഭിപ്രായമാണ് നമുക്കുള്ളത്. ഞാൻ വളരെ ദീർഘിപ്പിക്കുന്നില്ല. ഒരിക്കൽകൂടി ഞാൻ ഈ ബില്ലിനെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ബെന്നി ബഹനാൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1986-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ പരിഗണനക്ക് എടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1986-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുത്തു.

2 മുതൽ 6 വരെയുള്ള വകുപ്പുകൾ

2 മുതൽ 6 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

2 മുതൽ 6 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 1986-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

1986-ലെ കേരള സിവിൽ കോടതി ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(6) 1986-ലെ കേരള ടോം (ഭേദഗതി) ബിൽ

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1986-ലെ കേരള ടോം (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ അതിനെ പിന്താങ്ങുന്നു.....(ബഹളം).....

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1986-ലെ കേരള ടോം (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്ക് എടുത്തു.

2 മുതൽ 6 വരെയുള്ള വകുപ്പുകൾ

2 മുതൽ 6 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു. 2 മുതൽ 6 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, 1986-ലെ കേരള ടോം (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

1986-ലെ കേരള ടോം (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

LIBRARY ARCHIVES Kerala Legislative Assembly